പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2090 17.12.2012 ൽ മറുപടിക്ക്

**പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം**

| ചോദ്യം<br>ശ്രീ. എ.കെ. ശശീന്ദ്രൻ | മറുപടി<br>തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയും താലൂക്ക് സ്റ്റേഷനുകളിലേയും സാങ്ഷൻഡ് സ്ട്രെങ്ങ്ത് എത്ര; സ്റ്റേഷനുകളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരെ ഓർഡർലി ജോലികൾക്ക് നിയോഗിക്കാറുണ്ടോ; എങ്കിൽ എത്രപേരെ ഇപ്രകാരം നിയോഗിക്കാറുണ്ട്; | എ) ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ സാങ്ഷൻഡ് സ്ട്രെങ്ങ്ത് നിജപ്പെടുത്തിയിട്ടില്ല.<br>5.3.1982 ലെ സ.ഉ (സാധാ) നമ്പർ 617/82/ആഭ്യന്തരം ഉത്തരവ് പ്രകാരം പോലീസ് സ്റ്റേഷനുകളിലെ കുറഞ്ഞ അംഗസംഖ്യ താഴെപ്പറയും പ്രകാരമാണ്.<br>എസ്.ഐ -1, എ.എസ്.ഐ-1, സീനിയർ സിവിൽ പോലീസ് ഓഫീസർ-5, സിവിൽ പോലീസ് ഓഫീസർ - 25<br>ഉദ്യോഗസ്ഥരെ ഓർഡർലി ജോലികൾക്ക് നിയോഗിക്കാറില്ല. |
| ബി) പോലീസുകാരുടെ ഡ്യൂട്ടി സമയം എട്ടു മണിക്കൂറാക്കി ക്ളിപ്തപ്പെടുത്തി എത്ര സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | ബി) 51 (അമ്പത്തിയൊന്ന്) |
| സി) വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ സാങ്ഷൻഡ് സ്ട്രെങ്ങ്ത് എത്ര; എത്ര ഒഴിവുകൾ നിലവിലുണ്ട്; സബ് ഇൻസ്പെക്ടർ തസ്തികയിൽ വനിതകളെ നേരിട്ട് നിയമിക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ | സി) സാങ്ഷൻഡ് സ്ട്രെങ്ങ്ത് -2755<br>ഒഴിവുകൾ - 297<br>സബ് ഇൻസ്പെക്ടർ തസ്തികയിൽ വനിതകളെ നേരിട്ട് നിയമിക്കുന്നതിനായി സ.ഉ (പി) നം. 65/2009/ആഭ്യന്തരം തീയതി 25.5.2009 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| ഡി) മത്സ്യബന്ധന തൊഴിലാളികൾക്ക് അപകട സമയത്ത് സഹായം എത്തിക്കുന്നതിനായി എല്ലാ തീരദേശ പോലീസ് സ്റ്റേഷനുകളിലും ആധുനിക സംവിധാനങ്ങളുള്ള ബോട്ടുകൾ അനുവദിച്ചിട്ടുണ്ടോ; കടൽ വഴിയുള്ള ആക്രമണങ്ങൾ തടയുന്നതിനായി ആധുനിക നിരീക്ഷണ യന്ത്ര സൗകര്യങ്ങളും മെച്ചപ്പെട്ട പരിശീലനവും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) 8 തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് ഓരോ റെസ്ക്യൂ ബോട്ടും ബോട്ടൊന്നിന് ഒരു ബോട്ട് കമാണ്ടർ, ഒരു അസിസ്റ്റന്റ് ബോട്ട് കമാണ്ടർ, നാല് സ്പെഷ്യൽ മറൈൻ ഹോം ഗാർഡുകൾ എന്ന തോതിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ താൽക്കാലികമായി നിയമിക്കുന്നതിന് സ.ഉ (കൈയ്യെഴുത്ത്) നമ്പർ 81/2012/ആഭ്യന്തരം തീയതി 23.01.2012 പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ